പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1033 — 30.01.2019 ൽ മറുപടിക്ക്

## ഐ.ടി.ഐ.കളുടെ ഭൗതികസാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഐ.ടി.ഐ കളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ഐ.ടി.ഐ കളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനായി ഐ.ടി.ഐ.കളുടെ ഉപകരണസംഭരണം, കെട്ടിടനിർമ്മാണം, കെട്ടിട നവീകരണം ഉൾപ്പെടെയുള്ള ആധുനിക വൽക്കരണം, വിവരസാങ്കേതിക വിദ്യാധിഷ്ഠിത സൗകര്യങ്ങൾ, ഭാഷാന്യൂനപക്ഷ പ്രദേശത്തെ ഐ.ടി.ഐ കളുടെ ശാക്തീകരണം, വനിത ഐ.ടി.ഐ കളുടെ പദവി ഉയർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 10 ഐ.ടി.ഐ.കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെയും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ കളാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ധനുവച്ചപുരം ഗവ. ഐ.ടി.ഐ യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br>(സി) പ്രസ്തുത പ്രൊപ്പോസലിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി അടിയന്തരമായി തുടർനടപടികൾ കൈക്കൊള്ളാമോ? | (ബി) & (സി) ധനുവച്ചപുരം ഐ.ടി.ഐ. ഉൾപ്പെടെ 10 സർക്കാർ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കി KIIFB പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ടി റിപ്പോർട്ട് അംഗീകരിച്ച് KIIFB യിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ